# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :2340

**19-07-2016 ൽ മറുപടിയ്ക്ക്**

## തരിശുഭൂമികളിൽ നെൽകൃഷി

**ചോദ്യം**
ശ്രീ.മഞ്ഞളാംകുഴി അലി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധയിനം നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കരനെൽകൃഷി ഈ വർഷം ആദ്യഘട്ടം എന്ന നിലയിൽ 2600 ഹെക്ടറായും 5 വർഷം കൊണ്ട് ഒരു ലക്ഷം ഹെക്ടറായും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനു പുറമെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കഴിഞ്ഞ 25 വർഷത്തിന് ശേഷം ഈ വർഷം ആലപ്പുഴയിലെ റാണി കായലിൽ 200 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷി 2016 സെപ്റ്റംബർ മാസം തുടങ്ങുന്നതാണ്. ഇതിനു മുന്നോടിയായി വെള്ളം വറ്റിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ മെത്രാൻ കായലിൽ 160 ഹെക്ടറിൽ കൃഷിയിറക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br>2016-2017 വർഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br>1. സുസ്ഥിര നെൽകൃഷി വികസന പദ്ധതി.<br>2. വികസന ഏജൻസികൾക്കുള്ള ഫണ്ട്. |

| | | | |
|---|---|---|---|
| | | | 3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം .<br>4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി<br>5. കരനെൽകൃഷി വികസനം<br>6. നെൽകൃഷി ഉൽപ്പാദന ബോണസ്<br>7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി<br>8. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കി മാറ്റുന്നതിനുള്ള നടപടികൾ |
| (ബി) | തരിശുഭൂമികൾ കണ്ടെത്തി നെൽകൃഷിയ്ക്ക് ഉപയോഗിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | തരിശുകിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ജനകീയാസൂത്രണ പദ്ധതി പ്രകാരവും തരിശുനില നെൽകൃഷി വികസനം നടത്തുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. കൃഷിയോഗ്യമായ തരിശുഭൂമികൾ മാപ്പിംഗ് നടത്തി കൃഷിചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ 25 വർഷത്തിനുശേഷം റാണികായലിൽ (ആലപ്പുഴ) 200 ഹെക്ടർ സ്ഥലത്ത് പുഞ്ചകൃഷി 2016 സെപ്റ്റംബർ മാസം തുടങ്ങുന്നതാണ്. മെത്രാൻ കായലിൽ 160 ഹെക്ടർ കൃഷി ഇറക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. |
| (സി) | കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) | കരനെൽകൃഷി ആദ്യഘട്ടം എന്ന നിലയിൽ 2600 ഹെക്ടറായും 5 വർഷം കൊണ്ട് ഒരു ലക്ഷം ഹെക്ടറായും വർദ്ധിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കരനെൽകൃഷി വികസനത്തിനായി 2560 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10000/- രൂപ സബ്സിഡിയും വിത്ത് സൗജന്യമായും (ഒരു ഹെക്ടറിന് 87.5 കിലോഗ്രാം എന്ന നിരക്കിൽ 3500/- രൂപയുള്ള വിത്ത്) നല്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഉയർന്ന സാങ്കേതിക വിദ്യകളുപയോഗിച്ച് കൃഷി നടപ്പിലാക്കുന്നതിനാവശ്യമായ പരിശീലനം കർഷകർക്ക് നൽകുകയും അത്തരത്തിൽ നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |
| (ഡി) | നെൽവയൽ നികത്തുന്നത് തടയുന്നതിനും വയലുകൾ തരിശിടുന്നത് തടയുന്നതിനും മറ്റ് വകുപ്പുകളുമായി ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ഡി) | നെൽവയലുകളുടെ സംരക്ഷണത്തിന് 2008-ലെ നെൽവയൽ സംരക്ഷണ നിയമം നിലവിലുണ്ട്. ടി നിയമ പ്രകാരം നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും രൂപാന്തരപ്പെടുത്തൽ കർശനമായി തടഞ്ഞിട്ടുണ്ട്. റവന്യൂ റിക്കാർഡിന്റെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശസ്വയം |

| | | | |
|---|---|---|---|
| | | | ഭരണ സ്ഥാപനങ്ങളുടേയും പരിധിയിൽ വരുന്ന നെൽവയലുകളുടേയും തണ്ണീർ ത്തടങ്ങളുടേയും കരട് ഡാറ്റാബാങ്ക് കൃഷി, റവന്യൂ, പഞ്ചായത്ത് വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെ തയ്യാറാക്കിയിട്ടുണ്ട്. തയ്യാറാക്കിയിട്ടുള്ള കരട് ഡാറ്റാബാങ്ക് 2016 ആഗസ്റ്റ് 31-നകം പ്രസിദ്ധീകരിക്കണമെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിയമത്തിൻ കീഴിൽ അനധികൃതമായി നെൽവയലുകൾ രൂപാന്തരപ്പെടുത്തുന്നതിന്റെ വിവരം ഓരോ പ്രദേശത്തേയും കൃഷി ഓഫീസർമാർ ആർ.ഡി.ഒ മാരെ അറിയിക്കുന്ന റിപ്പോർട്ടിംഗ് ഓഫീസർമാർ കൂടിയാണ്. അനധികൃത നികത്തലിന് എതിരെയുള്ള നടപടികൾ സ്വീകരിക്കുന്നത് റവന്യൂ വകുപ്പാണ്. നെൽവയൽ-തണ്ണീർത്തടങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും തരിശായി കിടക്കുന്ന നിലങ്ങൾ വ്യവസ്ഥകൾക്കു വിധേയമായി ഭൂഉടമസ്ഥരുടെ സമ്മതത്തോടെ കൃഷി ചെയ്യിക്കുന്നതിനും 2008 ലെ നെൽവയൽ-തണ്ണീർത്തട നിയമത്തിൽ വ്യവസ്ഥയുണ്ട്. അതിനനുസൃതമായി ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിക്കുള്ളിൽ വരുന്ന തരിശായി കിടക്കുന്ന നെൽ വയലുകളുടെ വിസ്തൃതി കണക്കാക്കാനും അവിടങ്ങളിൽ കൃഷി ചെയ്യിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് എടുത്തിട്ടുണ്ട്. |
| (ഇ) | കരഭൂമി നിലമായി പരിവർത്തനം നടത്തി നെൽകൃഷി നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്ന പ്രത്യേക പദ്ധതികൾ എന്തെങ്കിലും ആസൂത്രണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (ഇ) | കരഭൂമി നിലമായി പരിവർത്തനം നടത്തി നെൽകൃഷി നടത്തുന്ന കർഷകർക്കു നിലവിൽ നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതികളുടെ ആനുകൂല്യം നൽകുന്നതാണ്. കരനെൽ കൃഷി വികസനത്തിന് ഹെക്ടറിന് 10000 രൂപ സബ്സിഡിയും കൂടാതെ വിത്ത് സൗജന്യമായും നല്കുന്ന പദ്ധതിയും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ